(9) പട്ടാമ്പിയിൽ കെ. എസ്. ആർ. ടി. സി. സബ്സ്റ്റേഷൻ

ശ്രീ. വി. കെ. ചന്ദ്രൻ : സർ, കേരളത്തിലെതന്നെ വളർന്നുകൊണ്ടിരിക്കുന്ന പട്ടണങ്ങളിലൊന്നാണ് പട്ടാമ്പി. മലപ്പുറം-തൃശ്ശൂർ ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്ന പ്രധാന റോഡും പട്ടാമ്പിയിലൂടെയാണ് കടന്നുപോകുന്നത്. പട്ടാമ്പിയിലൂടെ തൃശ്ശൂർ, പൊന്നാനി, ഗുരുവായൂർ, പാലക്കാട്, മലപ്പുറം, പെരിന്തൽമണ്ണ, വടക്കാഞ്ചേരി തുടങ്ങിയ ഡിപ്പോകളിൽനിന്നുമായി നൂറിലധികം കെ. എസ്. ആർ. ടി. സി. ഓർഡിനറി, ഫാസ്റ്റ് പാസ്സഞ്ചർ സർവ്വീസുകൾ ഓടിച്ചുപോകുന്നു. ഇതിനുപുറമേ കേരളത്തിന്റെ തെക്കേയറ്റം മുതൽ വടക്കേയറ്റം വരെയുള്ള വിവിധ ഡിപ്പോകളിൽ നിന്നുമായി ഓപ്പറേറ്റു ചെയ്യുന്ന സൂപ്പർഫാസ്റ്റ്, സൂപ്പർ എക്സ്പ്രസ്, ഡീലക്സ് തുടങ്ങിയ സർവ്വീസുകൾ കടന്നു പോകുന്നുണ്ടെങ്കിലും ഓപ്പറേറ്റിംഗ് സെന്ററോ ഡിപ്പോയോ ഇല്ലാത്തതുകൊണ്ട് ബസുകൾ ടൗണുമായി ബന്ധപ്പെടുന്നില്ല. ഇതുമൂലം ദൂരസ്ഥലങ്ങളിലേയ്ക്കു പോകേണ്ട യാത്രക്കാർക്ക് ബസിൽ യാത്ര ചെയ്യാൻ കഴിയുന്നില്ല. ഇതു പരിഹരിക്കുന്നതിന് പട്ടാമ്പിയിൽ ഒഴിഞ്ഞുകിടക്കുന്ന പഞ്ചായത്തിന്റെ പഴയ ബസ്സ്റ്റാൻഡ് ഉപയോഗപ്പെടുത്തി സബ് ഡിപ്പോയോ ഓപ്പറേറ്റിംഗ് സെന്ററോ ആരംഭിക്കാനും കൂടുതൽ ആളുകൾക്ക് യാത്ര ചെയ്യാനും കെ.എസ്.ആർ.ടി.സി. ലാഭകരമാക്കാനും ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) : സർ, പൂർണ്ണമായും ദേശസാൽകൃതമല്ലാത്തതിനാലും സമീപ പ്രദേശങ്ങളായ ഗുരുവായൂർ, മലപ്പുറം, പൊന്നാനി എന്നീ സ്ഥലങ്ങളിൽ കെ.എസ്.ആർ.ടി.സി. ഡിപ്പോകൾ ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിനാലും കൂടുതൽ സാമ്പത്തികച്ചെലവ് വരുത്തിവയ്ക്കുന്നു എന്നുള്ളതുകൊണ്ട് പട്ടാമ്പിയിൽ ഒരു സബ് ഡിപ്പോ തുടങ്ങാൻ തൽക്കാലം കഴിയുകയില്ലെന്നാണ് കെ.എസ്.ആർ.ടി.സി. അറിയിച്ചിട്ടുള്ളത്. എങ്കിലും ബഹുമാനപ്പെട്ട അംഗവും ഈ സഭയിലെ മറ്റു സഭാംഗങ്ങളും ഇക്കാര്യത്തിൽ നിരന്തരമായെടുക്കുന്ന പ്രത്യേക താല്പര്യം പരിഗണിച്ച് അവരുമായും കെ.എസ്.ആർ.ടി.സി. അധികൃതരുമായും ഇക്കാര്യം ചർച്ചചെയ്ത് ഇത് അനുവദിക്കാൻ കഴിയുമോ എന്ന് വളരെ ക്രിയാത്മകമായി ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

(10) മാള മണ്ഡലത്തിലെ ലിഫ്റ്റ് ഇറിഗേഷനുകളുടെ പണി

ശ്രീ. യു. എസ്. ശശി : സർ, മാള നിയോജകമണ്ഡലത്തിലെ 3 പ്രധാനപ്പെട്ട ലിഫ്റ്റ് ഇറിഗേഷനുകളുടെ പണി പൂർത്തിയാക്കുന്നതിനെക്കുറിച്ചാണ് ഞാൻ ഇവിടെ സബ്മിഷൻ ഉന്നയിക്കുന്നത്. ഇതിനുമുൻപും ഈ സഭയിലവതരിപ്പിച്ചിട്ടുള്ള വിഷയമാണിത്. ഈ മൂന്ന് ഇറിഗേഷനുകളുടേയും പണി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്താൽ 600 ഹെക്ടർ കൃഷി ഭൂമിക്ക് ഉപകരിക്കുന്നതാണ്. അതുപോലെ മാള പഞ്ചായത്തിലെ കൃഷികൾക്കുപകരിക്കുന്ന കൊണ്ടഴിഞ്ഞാൽ - മാളച്ചാൽ ലിഫ്റ്റ് ഇറിഗേഷനുള്ള പൈപ്പ് കുഴിച്ചിടൽ പണി പൂർത്തിയായിട്ട് വർഷങ്ങൾ കഴിഞ്ഞിട്ടും പമ്പ് ഹൗസും മോട്ടോറും സ്ഥാപിക്കുന്നതിനുള്ള

LIBRARY ARCHIVES Kerala Legislative Assembly